(ബി - ജി) 1977-ലെ കേരള ഫുഡ്സ്റ്റഫ്സ് (ഡിസ്പ്ലൈ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ളീഷ്മെന്റ്) ഓർഡർ, പ്രകാരം ഹോട്ടലുകളിൽ വിലവിവരപ്പട്ടിക കർശനമായും പ്രദർശിപ്പിക്കണമെന്ന് ഉത്തരവ് ഉണ്ട്. പ്രസ്തുത ഓർഡറിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള എല്ലാ ഫീൽഡ് ഓഫീസർമാരും, കൂടാതെ ജില്ലാതലത്തിലും താലൂക്ക് തലത്തിലും രൂപീകരിച്ചിട്ടുള്ള സ്കാഡുകളും പരിശോധനകൾ നടത്തി വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച് 1955-ലെ അവശ്യ സാധന നിയമത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 1977-ലെ ഫുഡ്സ്റ്റഫ്സ് ഡിസ്പ്ലൈ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

പേരാവൂർ മണ്ഡലത്തിൽ പുതിയ റേഷൻ കാർഡിനുവേണ്ടി നടത്തിയ അദാലത്ത്

69 (5747) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കാർഡിനു വേണ്ടി നടത്തിയ അദാലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) അദാലത്തിൽ ലഭിച്ച അപേക്ഷയിന്മേൽ റേഷൻ കാർഡ്, വിതരണം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ പുതിയ റേഷൻ കാർഡ് എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പേരാവൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കാർഡിനു വേണ്ടി നടത്തിയ അദാലത്തിൽ 5280 അപേക്ഷകൾ ലഭിച്ചു.

(ബി) അദാലത്തിൽ ലഭിച്ച അപേക്ഷകളിൽ റേഷൻ കാർഡ് വിതരണം ആരംഭിച്ചിട്ടുണ്ട്. ഇതിനകം 300 റേഷൻ കാർഡുകൾ വിതരണം ചെയ്തു.

(സി) 20-8-2010 -നുള്ളിൽ വിതരണം പൂർത്തിയാക്കാൻ കഴിയുന്നതാണ്.

പുതിയ മാവേലി സ്റ്റോറുകൾ

70 (5748) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി എവിടെയൊക്കെ എത്ര മാവേലി സ്റ്റോറുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ മാവേലി സ്റ്റോറുകൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) നിലവിൽ സ്പ്ലൈകോയുടെ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകി നടപടി എടുത്തുവരുന്നത്. ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളിൽ നിന്നും ആദ്യ മൂന്ന് വർഷത്തേക്ക് വാടകരഹിതമായി അനുയോജ്യമായ കെട്ടിടവും കമ്പ്യൂട്ടറും മറ്റ് അനുബന്ധ സാമഗ്രികൾക്കുമായി അമ്പതിനായിരം രൂപയും ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പഞ്ചായത്തുകളിൽ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

മാവേലി, ലാഭം സ്റ്റോറുകളിലെ സാധനങ്ങളുടെ വില വിവരം

71 (5749) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലും, ലാഭം സ്റ്റോറുകളിലും സാധനങ്ങളുടെ വിലവിവരം എത്രയെന്ന വിവരം ലഭ്യമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് വന്നതിനുശേഷം സാധനങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) അരി വില വർദ്ധിപ്പിക്കേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സപ്ലൈകോ മാവേലി സ്റ്റോറുകളിലൂടെ സബ്സിഡി നൽകി വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ ചില്ലറ വിൽപ്പന ചുവടെ ചേർക്കുന്നു :

അരി	13.00
ചെറുപയർ	28.00
ഉഴുന്ന്(തൊലി കളഞ്ഞത്)	36.00
ഉഴുന്ന് പിളർന്നത്	31.00
വൻകടല	20.00
വൻപയർ	26.50
തുവരപ്പരിപ്പ്	34.00

LIBRARY ARCHIVES Kerala Legislative Assembly